# കണ്ണൂർ സർവകലാശാല

**പ്രസിദ്ധീകരണത്തിന്** **10-12-2021**

## നിയമ സഹായ ക്യാമ്പ് തിരുനെല്ലിയിൽ

കണ്ണൂർ സർവകലാശാല സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് വയനാട് ജില്ല ലീഗൽ സർവീസ് അതോറിറ്റിയുമായി സഹകരിച്ച് ത്രിദിന നിയമ സഹായ ക്യാമ്പ് ഫെബ്രുവരി 28 മുതൽ തിരുനെല്ലിയിൽ നടത്തുന്നു. നിയമ വിദ്യാഭ്യാസ രംഗത്ത് തിരുനെല്ലി ഗ്രാമത്തിലെ പട്ടിക വർഗ വിദ്യാർഥികളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുക എന്ന ഉദ്ദേശത്തോടെയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. തിരുനെല്ലി ഡിടിപിസി ഗസ്റ്റ്ഹൗസിൽ നടക്കുന്ന ചടങ്ങ് കണ്ണൂർ സർവകലാശാല പ്രൊ.വൈസ് ചാൻസിലർ ഡോ .സാബു.എ ഉദ്ഘാടനം ചെയ്യും. നിയമവിഭാഗം മേധാവി ഡോ.ഷീന ഷുക്കൂറിൻറെ അധ്യക്ഷതയി നടക്കുന്ന ചടങ്ങിൽ വയനാട് ഡി എഫ്.ഒ ദർശൻ ഘട്ടനി മുഖ്യപ്രഭാഷണം നടത്തും .പി.വി ബാലകൃഷ്ണൻ ,രാജേഷ് കെ ,പി.കെ പ്രസാദൻ ,പി ഹരീന്ദ്രൻ ,നിഖിലേഷ് എൻ , പ്രസന്ന കുമാരി ഇ എസ് എന്നിവർ ക്യാമ്പിൽ പങ്കെടുക്കും .ക്യാമ്പിനോടനുബന്ധിച്ച് വയനാട് തിരുനെല്ലി പട്ടിക വർഗ കോളനികളിൽ നിയമ വിദ്യാർഥികൾ നിയമ ബോധവൽക്കരണ പരിപാടികൾ നടത്തും .

*പബ്ലിക് റിലേഷൻസ് ഓഫീസർ*